(Pages : 4) **T – 5462**

Reg. No. : .............................

Name : .................................

# Fourth Semester M.A. Degree Examination, July 2024

## Malayalam Language and Literature

## ML 243 : ആധുനികഭാഷാശാസ്ത്രം

## (2019 Admission Onwards)

Time : 3 Hours Max. Marks : 75

I. ഓരോ ചോദ്യത്തിനും **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) വ്യാകരണവും ഭാഷാശാസ്ത്രവും തമ്മിലുള്ള വ്യത്യാസം പരിശോധിക്കുക.

അല്ലെങ്കിൽ

(b) 'ഭാഷ' എന്ന സംജ്ഞ നിർവ്വചിച്ച് മനുഷ്യഭാഷയുടെ സവിശേഷതകൾ പ്രതിപാദിക്കുക.

2. (a) ഏകകാലികം, ബഹുകാലികം എന്നീ ഭാഷാപഗ്രഥനരീതികൾ എന്തെന്ന് വിശദീകരിക്കുക.

അല്ലെങ്കിൽ

(b) താരതമ്യാത്മകഭാഷാശാസ്ത്രം എന്നാലെന്ത്?

3. (a) സവർണ്ണനം എന്നാലെന്ത്? എത്രവിധം ഏതെല്ലാം?

അല്ലെങ്കിൽ

(b) ഭാഷാകുടുംബസങ്കല്പം എന്ന ആശയത്തിന്റെ അടിസ്ഥാനമെന്ത്?

P.T.O.

4. (a) പ്രധാനപ്പെട്ട ഭാഷാഗോത്രങ്ങൾ പരിചയപ്പെടുത്തുക.

അല്ലെങ്കിൽ

(b) സാമൂഹികഭാഷാശാസ്ത്രം എന്നാലെന്ത്?

5. (a) രൂപം, രൂപിമം, ഉപരൂപം, സ്വതന്ത്ര-ആശ്രിതരൂപിമങ്ങൾ ഇവ എന്തെന്ന് വിശദീകരിക്കുക.

അല്ലെങ്കിൽ

(b) ബാഹ്യപുനഃസൃഷ്ടി, ആന്തരികപുനഃസൃഷ്ടി ഇവയുടെ ഉപയോഗം വ്യക്തമാക്കുക.

6. (a) വംശീയഭാഷാശാസ്ത്രം എന്നാലെന്ത്?

അല്ലെങ്കിൽ

(b) കേന്ദ്രമേഖല, അവശിഷ്ടമേഖല ഇവ എന്തെന്ന് വിശദീകരിക്കുക.

7. (a) പരിസ്ഥിതിഭാഷാശാസ്ത്രം എന്നാലെന്ത്?

അല്ലെങ്കിൽ

(b) കൊഗിനിറ്റീവ് ലിംഗ്വിസ്റ്റിക്സ് എന്നാലെന്ത്?

**(7 × 3 = 21 Marks)**

II. ഓരോ ചോദ്യത്തിനും **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) ഭാഷണാവയവങ്ങളെ അടിസ്ഥാനമാക്കി സ്വരവ്യഞ്ജനങ്ങളെ വർഗ്ഗീകരിക്കുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) അർത്ഥപരിണാമത്തിന്റെ കാരണങ്ങൾ പരിചയപ്പെടുത്തി പ്രധാനപ്പെട്ട പരിണാമങ്ങൾ സോദാഹരണം വിവരിക്കുക.

9. (a) ഭാഷാഭേദ നിർണ്ണയത്തിൽ ഭാഷാഭേദഭൂപടത്തിനും സമഭാഷാസീമാരേഖയ്ക്കുമുള്ള പ്രാധാന്യമെന്ത്?

അല്ലെങ്കിൽ

(b) ആധുനികഭാഷാശാസ്ത്രത്തിന്റെ ഉദയവും വികാസവും ചർച്ച ചെയ്യുക.

10. (a) ദ്രാവിഡഭാഷകളുടെ സാമാന്യസ്വഭാവം വിവരിക്കുക.

അല്ലെങ്കിൽ

(b) ആദാനം, ആദാനഭേദങ്ങൾ, ആദാനമിശ്രം, ആദാനതർജ്ജമ എന്നിവ വിവരിച്ചുദാഹരിക്കുക.

11. (a) ജീവൽഭാഷ, മൃതഭാഷ എന്നീ വിഭജനത്തിന്റെ അടിസ്ഥാനമെന്ത്? ഇന്ത്യൻ ഭാഷാസാഹചര്യത്തിൽ വിശകലനം ചെയ്യുക.

അല്ലെങ്കിൽ

(b) ഭാഷാഭേദങ്ങൾ ഉരുത്തിരിയുന്നതിനുള്ള കാരണങ്ങൾ വിവരിക്കുക.

12. (a) സ്വനിമവിജ്ഞാനത്തിലെ സങ്കല്പനങ്ങളും അടിസ്ഥാനതത്ത്വങ്ങളും പരിചയപ്പെടുത്തുക.

അല്ലെങ്കിൽ

(b) ശബ്ദവും അർത്ഥവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ വിവരിക്കുക.

**(5 × 6 = 30 Marks)**

III. ഓരോന്നിനും **അഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) ദ്രാവിഡഭാഷാഗോത്രത്തെ പരിചയപ്പെടുത്തി ഇന്ത്യൻ ഭാഷകളിൽ അവയ്ക്കുള്ള സ്ഥാനം വിലയിരുത്തുക.

അല്ലെങ്കിൽ

(b) ധാതു, പ്രകൃതി, പദം, പ്രത്യയം, ഉപസർഗ്ഗം ഇവ എന്തെന്ന് സോദാഹരണം വിവരിക്കുക.

14. (a) പ്രധാനപ്പെട്ട ഭാഷാപഗ്രഥന സമ്പ്രദായങ്ങൾ പരിചയപ്പെടുത്തുക.

അല്ലെങ്കിൽ

(b) ചോംസ്കിയുടെ വാക്യാപഗ്രഥനരീതിയുടെ പ്രത്യേകതകൾ വിവരിക്കുക.

15. (a) കക്ഷ്യാവിഭജനത്തിന്റെ അടിസ്ഥാനമെന്ത്? പ്രധാന ഭാഷാകക്ഷ്യകൾ ഏതെല്ലാം?

അല്ലെങ്കിൽ

(b) ഭാഷാശാസ്ത്രപഠനത്തിന്റെ പ്രസക്തി, ലക്ഷ്യം എന്നിവയെക്കുറിച്ച് ഉപന്യസിക്കുക.

**(3 × 8 = 24 Marks)**

---